LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴയിലെ സർക്യൂട്ട് ടൂറിസം പദ്ധതി

330 (2886) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ ജില്ലയിലെ സർക്യൂട്ട് ടൂറിസം പദ്ധതിയിൽപെടുത്തി അരൂർ മണ്ഡലത്തിലെ തഴപ്പ്, അരൂർക്കുറ്റി എന്നിവിടങ്ങളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങാനുണ്ടായിട്ടുള്ള കാരണങ്ങൾ വിശദമാക്കാമോ ; ഈ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ആലപ്പുഴ മെഗാടൂറിസം പദ്ധതിയിൽപ്പെടുന്ന തഴപ്പ്, അരൂർക്കുറ്റി പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ എതിർപ്പിനെത്തുടർന്ന് പണികൾ തടസ്സപ്പെട്ട് മുടങ്ങി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അരൂർകുറ്റിയിൽ ബോട്ട് ജെട്ടിക്കായുള്ള മുഴുവൻ പൈലുകളും കാസ്റ്റ് ചെയ്ത് കഴിഞ്ഞിട്ടുള്ളതാണ്. തഴപ്പിൽ ബോട്ട് ജെട്ടിക്കായി നിർമ്മിച്ച 26 പൈലുകളും നീക്കം ചെയ്യണമെന്നാണ് മത്സ്യത്തൊഴി ലാളികൾ ആവശ്യപ്പെട്ടിട്ടുള്ളത്. നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോട്ടലുകളുടെ സ്റ്റാർ പദവി-മാനദണ്ഡങ്ങൾ

331 (2887) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകൾക്ക് സ്റ്റാർ പദവി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ആരാണ് എന്ന് വിശദമാക്കുമോ ;

(ബി) പുതിയ മദ്യനയത്തിന്റെ പശ്ചാത്തലത്തിൽ ഹോട്ടലുകളുടെ സ്റ്റാർ പദവികൾ അനധികൃതമായി മാറ്റം വരുത്തുന്നത് തടയാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) സ്റ്റാർ പദവി നൽകുന്നത് തീരുമാനിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ?